ബഹുമാനപ്പെട്ട കേരള സംസ്ഥാന സഹകരണ, ടൂറിസം, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവർകൾ സമക്ഷം.

സർ,

തിരുവനന്തപുരം, പൗണ്ട്കടവ് കൈരളി നഗർ റസിഡൻസ് അസോസി യേഷൻ സമർപ്പിക്കുന്ന നിവേദനം.

സൂചന: 29.8.2017 ന് ബഹു. പ്രധാനമന്ത്രിയിൽ നിന്ന് ലഭിച്ച കത്ത് നമ്പർ MORLY/E/2017/14422.

1. ഇന്ത്യയിലെ പ്രസിദ്ധമായ വിക്രം സാരാഭായ് സ്പെയ്സ് സെന്ററിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന സ്റ്റേഷനാണ് "വേളി റെയിൽവേ സ്റ്റേഷൻ". തിരുവനന്തപുരം സെൻട്രൽ മുതൽ കൊല്ലം വരെയുള്ള യാത്രയിൽ പ്ലാറ്റ്ഫാം ഇല്ലാത്ത, മറ്റ് യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ഏക സ്റ്റേഷൻ ഇതാണ്. ദിവ സവും നൂറ് കണക്കിന് യാത്രക്കാർ ഈ സ്റ്റേഷനിൽ നിന്നും യാത്ര ചെയ്യുന്നുണ്ട്. പ്ലാറ്റ്ഫാം ഇല്ലാത്തതുകാരണം സ്ത്രീകളും കുട്ടികളും വൃദ്ധരും ഉൾപ്പെടെയുള്ള യാത്രക്കാർ ട്രെയിനിൽ തൂങ്ങി വലിഞ്ഞ് കയറുകയും ഇറങ്ങു കയും ചെയ്യുന്നതുമൂലം ധാരാളം അപകടങ്ങൾ ഉണ്ടാകാറുണ്ട്.

2. മേൽപ്പറഞ്ഞ ആവശ്യങ്ങൾ നടപ്പിലാക്കി കിട്ടുന്നതിനുവേണ്ടി റെയിൽവേ ഡിവിഷണൽ മാനേജർ, ബഹു. മുൻ എം.എൽ.എ, ബഹു. ഡോ. ശശി തരൂർ എം.പി എന്നിവർക്കെല്ലാം പല തവണ നിവേദനങ്ങൾ നൽകുകയും പത്രമാധ്യമ ങ്ങളിലൂടെ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുമുണ്ട്. അതിന്റെ ഫലമായി കൊല്ലം ഭാഗത്തേയ്ക്കു പോകുന്ന പടിഞ്ഞാറു ഭാഗത്തുള്ള പ്ലാറ്റ്ഫാം നിർമ്മിക്കുകയുണ്ടായി. എങ്കിലും, അതിന്റെ പണി പൂർത്തീകരിച്ചി ട്ടില്ല. അതോടൊപ്പം വേളി സ്റ്റേഷനിലെ യാത്രക്കാരിൽ അധികം പേരും കയറു കയും ഇറങ്ങുകയും ചെയ്യുന്ന കിഴക്കുഭാഗത്തും പ്ലാറ്റ്ഫാം നിർമ്മിക്കേണ്ടതുണ്ട്.

3. തിരുവനന്തപുരം ഭാഗത്തേയ്ക്കുള്ള പ്ലാറ്റ്ഫാം നിർമ്മാണത്തിനുള്ള ഒരു നടപ ടിയും റെയിൽവേ ഇതുവരെ സ്വീകരിച്ചിട്ടില്ല. യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നത് ഈ ഭാഗത്തുനിന്നും ട്രെയിനിൽ കയറുകയും ഇറ ങ്ങുകയും ചെയ്യുമ്പോഴാണ്. വളരെയധികം അപകടങ്ങൾ ഇതുമൂലം ഉണ്ടാകാ റുണ്ട്. ഇതിനു പരിഹാരമായി ഈ ഭാഗത്തും അടിയന്തിരമായി പ്ലാറ്റ്ഫാം പണി യേണ്ടതുണ്ട്. പ്ലാറ്റ്ഫാം നിർമ്മാണത്തിനും, മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഭൂമി റെയിൽവേ ലൈനിന്റെ ഇരുവശത്തും റെയിൽവേയ്ക്ക് സ്വന്തമായിട്ടുണ്ട്. എന്നിട്ടും വേളി സ്റ്റേഷന്റെ നവീകരണ ത്തിന് റെയിൽവേ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാ കുന്നില്ല.

4. പ്ലാറ്റ്ഫാം നിർമ്മാണത്തോടൊപ്പം, റെയിൽവേ ലൈനിന്റെ ഇരുഭാഗത്തമുള്ള യാത്രക്കാർക്കും താമസക്കാർക്കും അപകടം കൂടാതെ ഇരുഭാഗത്തേയ്ക്കും കട ക്കുന്നതിന് ഒരു ഫ്ളൈഓവർ അത്യാവശ്യമാണ്.

5. യാത്രക്കാരുടേയും സ്ഥലവാസികളുടേയും സുരക്ഷിതത്വവും ബുദ്ധിമുട്ടുകളും പരിഗണിച്ച് വേളി സ്റ്റേഷനിൽ താഴെപറയുന്ന നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തുന്നതിന് റെയിൽവേയോട് ആവശ്യപ്പെടണമെന്നും, അതിലേക്കാവശ്യമായ ഇടപെടലുകൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണ മെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.
   1) കൊല്ലം ഭാഗത്തേക്കുള്ള പ്ലാറ്റ്ഫാം നിർമ്മാണം പൂർത്തീകരിക്കുക.
   2) തിരുവനന്തപുരം ഭാഗത്തേയ്ക്കുള്ള പ്ലാറ്റ്ഫാം നിർമ്മിക്കുക.
   3) യാത്രക്കാർക്കും, സ്ഥലവാസികൾക്കും ഇരുഭാഗത്തും കടക്കുന്നതിന് ഫ്ളൈഓവർ നിർമ്മിക്കുക.
   4) യാത്രക്കാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. സൂചന പ്രകാരം ലഭിച്ച കത്ത് പരിഗണിച്ച് ഇക്കാര്യത്തിൽ താങ്ങളുടെ അടിയന്തിര പരിഗണന ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

സെക്രട്ടറി

Status as on 06 Oct 2017

| | |
|---|---|
| Registration Number | : MORLY/E/2017/14422 |
| Name Of Complainant | : Secretary |
| Date of Receipt | : 06 Aug 2017 |
| Received by | : Ministry of Railways, ( Railway Board) |
| Forwarded to | : Southern Railway |
| Contact Address | : Public Grievances Cell, General Managers Office<br>Southern Railway, Park Town,<br>Chennai.600003 |
| Contact Number | : 04425352830 |
| Grievance Description | : PDF file attached |
| Current Status | : CASE CLOSED |
| Date of Action | : 29 Aug 2017 |
| Details | : Veli station in coming under 'F' category of station and all facilities required for 'F' category of station are available there. As per the norms prescribed by Railway Board for 'F' category stations 'Rail Level' platform is to be provided. However Plat form No.1 is High Level Plat form. Considering the representation of the public, the provision of additional Platform (No.2) was proposed but the same was not yet sanctioned by Railway Board. After getting sanction, provision of Platform Shelter, FOB, etc will be considered depend upon the availability of fund. This can be considered under sponsorship either under MPLADS (MP's local area development scheme) or funded by State Government. |

# പ്ലാറ്റ്ഫോമില്ല, മേൽപാലമില്ല, മേൽക്കൂരയുമില്ല; പരാധീനതകളുമായി വേളി റെയിൽവേ സ്റ്റേഷൻ



പ്ലാറ്റ്ഫോം ഇല്ലാത്തതുമൂലം വളരെ ബുദ്ധിമുട്ടി റെയിൽവേ ട്രാക്കിലേക്ക് ഇറങ്ങുന്നവരും മേൽപാലം ഇല്ലാത്തതിനാൾ വളരെ ബുദ്ധിമുട്ടി പ്ലാറ്റ്ഫോമിനു മുകളിൽ കയറുന്ന സ്ത്രീകളും. വലിയവേളി റെയിൽവേ സ്റ്റേഷനിൽനിന്നുള്ള കാഴ്ച.

കഴക്കൂട്ടം● രാജ്യത്തിന്റെ അഭിമാനമായ വിഎസ്എസ്‌സിയോടു ചേർന്നു സ്ഥിതിചെയ്യുന്ന വേളി റെയിൽവേ സ്റ്റേഷനി(വലിയവേളി)ൽ ട്രെയിനിൽ നിന്നിറങ്ങാനും കയറാനും ഭഗീരഥപ്രയത്നം വേണം. പ്ലാറ്റ്ഫോമില്ല. മേൽപാലമില്ല, കയറിനിൽക്കാൻ മേൽകൂരയില്ല തുടങ്ങി പരാധീനതകളുടെ ഒരു നീണ്ട പട്ടികതന്നെ ഇവിടെ നിന്നു ട്രെയിൻ കയറുന്നവർക്കും ഇറങ്ങുന്നവർക്കും നാട്ടുകാർക്കുമുണ്ട്.

തിരുവനന്തപുരം മുതൽ കൊല്ലം വരെ യാത്രചെയ്താൽ ഇത്രയും ശോച്യാവസ്ഥയിലുള്ള ഒരു റെയിൽവേ സ്റ്റേഷൻ കാണാനാവില്ല.റെയിൽവേയുടെ എഫ് കാറ്റഗറിയിൽപ്പെട്ട സ്റ്റേഷനാണു കഴക്കൂട്ടത്തിനും കൊച്ചുവേളിയ്ക്കും ഇടയ്ക്കുള്ള ഈ സ്റ്റേഷൻ.കൊല്ലത്തുനിന്നു തിരുവനന്തപുരത്തേക്കുള്ള പാസഞ്ചർ ട്രെയിൻ ഇവിടെ നിർത്തിയാൽ ഇറങ്ങാൻ പ്ലാറ്റ്ഫോം ഇല്ല.ഡോറിൽ തൂങ്ങി പാളത്തിലിറങ്ങണം.പ്രായം ചെന്നവർക്കാണെങ്കിൽ ഇറങ്ങാനുമാവില്ല.

മറുഭാഗത്താണെങ്കിൽ പേരിനുമാത്രം ഒരു പ്ലാറ്റുഫോം ഉണ്ട്.മഴപെയ്താൽ കയറിനിൽക്കാൻ ആകെ ജീർണിച്ച ചെറിയ ഒരു തകരഷെഡ് മാത്രം.മേൽപാലം ഇല്ലാത്തതിനാൽ പാളത്തിലിറങ്ങിയാലും ഏറെ ബുദ്ധിമുട്ടിയാലേ വിഎസ്എസ്‌സി റോഡിലേക്ക് ഇറങ്ങാൻ സാധിക്കുകയുള്ളൂ.സ്റ്റേഷനിൽ ടിക്കറ്റു വിൽക്കാനായി ഒരു കരാറുകാരനെയാണു നിയമിച്ചിട്ടുള്ളത്. അയാൾ വന്നില്ലെങ്കിൽ ടിക്കെറ്റെടുക്കാൻ സാധിക്കുകയില്ല.

രാവിലെ 8.15നു പാസഞ്ചർ ട്രെയിൽ നിർത്തുമ്പോൾ വിഎസ്എസ്‌സി ജീവനക്കാരും വിദ്യാർഥികളും അടക്കം നിരവധിപേരാണു സ്റ്റേഷനിൽ ഇറങ്ങുന്നത്.കയറാനും നല്ല തിരക്കാണ്.

എന്നാൽ പ്ലാറ്റ്ഫോം ഇല്ലാത്തതുമൂലം വയോധികർക്കോ മറ്റുശാരീരികബുദ്ധിമുട്ടുള്ളവർക്കോ കയറാൻ ആവില്ല.

കൊല്ലംഭാഗത്തേക്കുള്ള പ്ലാറ്റ്ഫോം നിർമാണം പൂർത്തിയാക്കുക,തിരുവന്തപുരത്തേക്കുള്ള പ്ലാറ്റ്ഫോം നിർമിക്കുക.മേൽപാലം നിർമിക്കുക,അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു നാട്ടുകാരും വലിയവേളി പൗണ്ട്കടവ് കൈരളി നഗർ റസി.അസോസിയേഷൻ ഭാരവാഹികളും പല തവണ റെയിൽവേ അധികൃതർക്കു നിവേദനം നൽകിയെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല.